>> കവർസ്റ്റോറി

● സ്വദ്റുദ്ദീൻ വാഴക്കാട്

●

അരാഷ്ട്രീയതയുടെ ഒരു വലിയ ഉപകരണമാണ് ലഹരി. ഗൗരവതരമായ എല്ലാ ഇടപെടലുകളെയും ദുർബലമാക്കുന്ന, പ്രതിസന്ധികളെ മനഃക്കരുത്തുകൊണ്ട് അതിജീവിക്കാനുള്ള ശേഷി നശിപ്പിക്കുന്ന, യാഥാർഥ്യ ലോകത്തുനിന്ന് ഒളിച്ചോടാൻ പ്രേരിപ്പിക്കുന്ന, സുബോധം നഷ്ടപ്പെടുത്തുന്ന, എല്ലാറ്റിനെയും ആഘോഷമാക്കിമാറ്റാൻ ശ്രമിക്കുന്ന ഉപകരണമാണത്. കൂടിച്ചേരലുകൾ പ്രതികരണങ്ങൾക്കും ഇടപെടലുകൾക്കും പ്രചോദനമാകേണ്ടതിനു പകരം മതിമറന്നാസ്വദിക്കാനുള്ള വേദികളാവുകയാണ് ചെയ്യുന്നത്.


●

# കുടിച്ചു തുലയുന്ന കേരളം

**ഗ്രീക്ക്** പുരാണത്തിൽ മദ്യപാനത്തിന്റെ ആരംഭത്തെക്കുറിച്ച് ഒരു കഥയുണ്ട്. ഡെനീഷ്യസ് ദേവൻ ഇക്കാറിയോസിന് ഒരു മുന്തിരിത്തോട്ടം നൽകി. മകൾ എറിഗോണക്കും വളർത്തുനായ മെയ്റാക്കുമൊപ്പം ഇക്കാറിയോസ് അതിൽ സമാധാനത്തോടെ ജീവിച്ചു. തന്റെ തോട്ടത്തിൽനിന്ന് പറിച്ച മുന്തിരി കൊണ്ട് വീഞ്ഞുണ്ടാക്കിയ ഇക്കാറിയോസ് വീഞ്ഞുഭരണി പെന്റലിക്കുസ് പർവതത്തിനടുത്ത് സൂക്ഷിച്ചു.

ഒരു ദിവസം സുഹൃത്തുക്കളായ ഇടയന്മാരുമൊത്ത് ഇക്കാറിയോസ് വീഞ്ഞു കുടിക്കാനെത്തി. ആട്ടിടയന്മാർ ആർത്തിയോടെ വീഞ്ഞ് മോന്തി. ലഹരി തലക്കുപിടിച്ച അവരുടെ ലക്ക് കെട്ടു, കാലുകൾ നിലത്തുറക്കാതായി, ചിലർ ഉന്മത്തരും മറ്റു ചിലർ ക്ഷുഭിതരുമായി. ലഹരിമൂത്ത അവർ ഒടുവിൽ ശണ്ഠകൂടി, ഇക്കാറിയോസിനെ തലക്കടിച്ചു കൊന്നു. മദ്യലഹരി മാറിയപ്പോഴാണ് തങ്ങൾ ചെയ്ത പാതകത്തെക്കുറിച്ച് അവർക്ക് ബോധം വന്നത്!

മനുഷ്യ ചരിത്രത്തിലെ ആദ്യത്തെ മദ്യപാനവും അതിനെ തുടർന്നുള്ള കൊലപാതകവും ഇതായിരുന്നുവെന്നാണ് ഐതിഹ്യം. ഇതൊരു കൽപിത കഥയാകാം. പക്ഷേ, മദ്യാസക്തിയും തജ്ജന്യമായ തിന്മകളും ഭീതിജനകമാംവിധം ആധിപത്യം നേടിയ സമൂഹമാണ് നമ്മുടേതെന്നതിന് സംഭവങ്ങളുടെ അനുഭവ സാക്ഷ്യങ്ങൾ സുലഭമാണിന്ന്.



മദ്യത്തിന്റെ മഹാപ്രളയം സമൂഹജീവിതത്തെ മുച്ചൂടും വിഴുങ്ങുകയും സകലവിധ ജീർണതകൾക്കും ഹേതുവായി വർത്തിക്കുകയും ചെയ്യുന്നു. വ്യക്തികളുടെ സ്വകാര്യ ജീവിതത്തിലെ അമാന്യവും അപൂർവവുമായ ഏർപ്പാടായിരുന്ന മദ്യപാനം ഇന്ന് മാന്യതയുടെയും പൗരുഷത്തിന്റെയും അടയാളവും ആഡംബരത്തിന്റെയും ആധുനികതയുടെയും ചിഹ്നവുമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. മധ്യവർഗത്തിന്റെയും ഉപരിവർഗത്തിന്റെയും സ്റ്റാറ്റസ് സിംബലായും ആഘോഷങ്ങളിലെ അനിവാര്യതയായും യുവതലമുറയുടെ ഫാഷനായും സർഗാത്മകതയുടെയും ബുദ്ധിജീവിതത്തിന്റെയും ആവിഷ്കാര മാധ്യമമായും സിനിമാ കഥക

ളുടെ വഴിത്തിരിവിന്റെ കാരണമായും സ്വത്വ പ്രതിസന്ധിയിൽനിന്നുള്ള അതിജീവനോപാധിയായും യാന്ത്രിക ജീവിതത്തിലെ പിരിമുറുക്കങ്ങൾക്കുള്ള പരിഹാരമായും വെറുമൊരു നേരമ്പോക്കായുമെല്ലാം മദ്യം പൂജനീയ സ്ഥാനം നേടിയിരിക്കുന്നു. തലയിൽ മുണ്ടിട്ട് മദ്യപിക്കാൻ പോയിരുന്ന കാലം മാറി. ഇന്ന് അരിവാങ്ങാൻ ക്യൂനിൽക്കുന്നതിലേറെ ആവേശത്തോടെയാണ് മദ്യഷാപ്പുകൾക്കു മുമ്പിൽ ക്യൂ നിൽക്കുന്നത്. ആരാധനാലയങ്ങളെക്കാൾ മദ്യഷാപ്പുകൾ പെരുകിയിരിക്കുന്നു.

സ്വയം സന്തോഷിക്കാനും മറ്റുള്ളവരെ സന്തോഷിപ്പിക്കാനും മദ്യം അനിവാര്യമാണെന്ന് വരുമ്പോൾ ആ സമൂഹത്തിന് ചിന്താപരമായ കുഴപ്പമുണ്ടെന്നാണർഥം. അരിക്കടകളെക്കാൾ സ്വർണക്കടകളും ആരാധനാലയങ്ങളെക്കാൾ ബാങ്കു കെട്ടിടങ്ങളും തലയുയർത്തി നിൽക്കുന്ന രാജ്യത്ത് മദ്യഷാപ്പുകളുടെ എണ്ണം മാത്രം കുറയേണ്ടതില്ലല്ലോ. ആരാധനാലയങ്ങളിൽനിന്ന് നിശ്ചിത അകലത്തിലേ മദ്യഷാപ്പുകൾ തുറക്കാവൂ എന്ന നിയമം ആരാധനാലയങ്ങളോടുള്ള ആദരവു കൊണ്ടല്ല; മറിച്ച്, ആരാധനാലയത്തിലെ ചടങ്ങുകൾ മദ്യപന്മാർക്ക് ശല്യമാകരുത് എന്നുള്ളതുകൊണ്ടാണെന്നു വേണം മനസ്സിലാക്കാൻ.

ഏത് ഉൽപന്നവും കേവലം വസ്തുവല്ല, ഒരു സംസ്കാരത്തിന്റെ പ്രതീകമാണ്. വിശേഷിച്ചും ആധുനികതയുടെയും ഉത്തരാധുനികതയുടെയും പരിസരം വിപണിക്ക് ഒരുപാട് സാധ്യതകൾ നൽകുന്നുണ്ട്. അങ്ങനെ വരുമ്പോൾ 'മദ്യം' എന്ന ഉൽപന്നം ഏതൊരു സംസ്കാരത്തെ/സാംസ്കാരിക ജീർണതയെയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്. ആധുനികനാകാനും പൗരുഷം തെളിയിക്കാനും മദ്യം വേണം. ആഘോഷിക്കാനും സൗഹൃദം പങ്കുവെക്കാനും മദ്യം വേണം. പ്രയാസങ്ങൾ മറക്കാനും ആശ്വാസം കണ്ടെത്താനും മദ്യം വേണം...... ഇതിനർഥം മദ്യ കേന്ദ്രീകൃതമായ, ലഹരിയിലധിഷ്ഠിതമായ ഒരു സമൂഹമായി നാം മാറുന്നുവെന്നല്ലേ?

വിപണിയും പണവുമാണിന്ന് ജീവിതത്തെ നിയന്ത്രിക്കുന്നത്. ഇത് മനുഷ്യനെ യാന്ത്രികതക്ക് അടിപ്പെടുത്തുന്നു. അതുവഴി അപകടകരമായ പിരിമുറുക്കങ്ങളിലേക്ക് അവൻ നയിക്കപ്പെടുന്നു. ജീവിത സംഘർഷങ്ങൾ ലഘൂകരിക്കാവുന്ന കുടുംബ-സാമൂഹിക അന്തരീക്ഷത്തിന്റെ അപര്യാപ്തത ബദൽ മാർഗങ്ങൾ തേടാൻ മനുഷ്യനെ നിർബന്ധിക്കുന്നു. അങ്ങനെ ഉയർന്നുവന്ന ഒരു വ്യാജ ബദലാണിന്ന് മദ്യം. അരാഷ്ട്രീയതയുടെ ഒരു വലിയ ഉപകരണമാണ് ലഹരി. ഗൗരവമായ എല്ലാ ഇടപെടലുകളെയും ദുർബലമാക്കുന്ന, പ്രതിസന്ധികളെ മനക്കരുത്തുകൊണ്ട് അതിജീവിക്കാനുള്ള ശേഷി നശിപ്പിക്കുന്ന, യാഥാർഥ്യ ലോകത്തു നിന്ന് ഒളിച്ചോടാൻ പ്രേരിപ്പിക്കുന്ന, സുബോധം നഷ്ടപ്പെടുത്തുന്ന, എല്ലാറ്റിനെയും ആഘോഷമാക്കിമാറ്റാൻ ശ്രമിക്കുന്ന ഉപകരണമാണത്. കൂടിച്ചേരലുകൾ പ്രതികരണങ്ങൾക്കും ഇടപെടലുകൾക്കും പ്രചോദനമാകേണ്ടതിനു പകരം മതിമറന്നാസ്വദിക്കാനുള്ള വേദികളാവുകയാണ് ചെയ്യുന്നത്.

മദ്യത്തിന്റെ ഉൽപാദനവും വിതരണവും ഒരു വ്യവസായമായി മാറിയതോടെയാണ് കേരളീയരിൽ മദ്യപാനം ഇത്രയേറെ വ്യാപകമായിത്തീർന്നത്. പനയും തെങ്ങും ചെത്തിയുണ്ടാക്കുന്ന കള്ള് കാവുകളിലെ നിവേദ്യമായിരുന്നു പണ്ട്. വിശേഷ ദിവസങ്ങളിൽ ചിലർ മദ്യപിച്ചിരുന്നു; അതും രഹസ്യമായി. കള്ളുഷാപ്പുകളോ വിൽപന കേന്ദ്രങ്ങളോ ഉണ്ടായിരുന്നില്ല. മാത്രമല്ല കള്ളുകുടി മാന്യമായ ഒരു ഏർപ്പാടായും കരുതിയിരുന്നില്ല.

പോർച്ചുഗീസ്-ബ്രിട്ടീഷ് ആധിപത്യത്തിന് മദ്യത്തിന്റെ വ്യാപകത്വത്തിൽ പങ്കുള്ളതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. അധിനിവേശ കേന്ദ്രമായിരുന്ന മാഹിയും ഗോവയും അതിന്റെ സൂചനകൾ തരുന്നു. മാഹി മദ്യത്തിനും ഗോവ സെക്സിനും പേരുകേട്ട ഇടങ്ങളാണ്. രണ്ടും സായിപ്പന്മാരുടെ ദൗർബല്യങ്ങളാണല്ലോ. ശൈത്യമകറ്റാൻ സായിപ്പന്മാരും ഔത്സുക്യം ലഭിക്കാൻ പട്ടാളക്കാരും മദ്യം ധാരാളമായി ഉപയോഗിച്ചിരുന്നു. അവരിൽനിന്നാകാം കേരളീയർക്ക് ഇത്രമേൽ മദ്യപാനശീലം പകർന്നുകിട്ടിയത്. മദ്യഷാപ്പുകളും അവയെ നിയന്ത്രിക്കാൻ എക്സൈസ് വകുപ്പും വരുന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്. 1790-ൽ എക്സൈസ് നിയമം വന്നതോടെ മദ്യമുണ്ടാക്കാനുള്ള അധികാരം സർക്കാറിനു മാത്രമായി. 1905-ഓടെ സർക്കാർ നേതൃത്വത്തിലുള്ള ഡിസ്റ്റിലറികളുണ്ടായി. 1906-ൽ മലബാറിലും മദ്യോൽപാദനം ഗവൺമെന്റിന്റെ കൈകളിലെത്തി. അതോടെ മദ്യം ഗവൺമെന്റിന്റെ ഒരു വരുമാന മാർഗമായി. മദ്യപാനം പ്രോത്സാഹിപ്പിച്ച് റവന്യൂ വരുമാനം വർധിപ്പിക്കുന്ന സമീപനവും ഉണ്ടായി.

വിദേശികൾ പോയശേഷം അധികാരത്തിൽ വന്ന സ്വദേശികൾക്കും ഈ വിഷദ്രാവകം ഒരു വരുമാന സ്രോതസ്സായി തന്നെ നിലകൊണ്ടു. മദ്യ ഉൽപാദനവും വിതരണവും കൂടുതൽ വ്യവസ്ഥാപിതവും ലാഭകരവുമാകുന്ന രീതിയിൽ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചു. മലബാറിലും മറ്റും ഉണ്ടായിരുന്ന മദ്യനിരോധം പിൻവലിച്ചു. ഗവൺമെന്റ് മേൽനോട്ടത്തിൽ 1984-ൽ ബീവറേജസ് കോർപറേഷൻ ആരംഭിച്ചു. എക്സൈസ് വകുപ്പ്, വിവിധയിനം മദ്യങ്ങളുടെ ഉൽപാദന വിതരണം, ലേല സമ്പ്രദായം, തൊഴിലാളി യൂനിയനുകൾ തുടങ്ങിയവയെല്ലാം രൂപപ്പെട്ടുവന്നതോടെയാണ് മദ്യ വ്യവസായ മേഖല വ്യവസ്ഥാപിതമായി രൂപം കൊള്ളുന്നത്. ഇന്നു പക്ഷേ, മദ്യ വ്യവസായം ഗവൺമെന്റ് നിയമങ്ങളെയും നിയന്ത്രണങ്ങളെയും നിഷ്പ്രഭമാക്കും വിധത്തിൽ മാഫിയകളുടെ നിയന്ത്രണത്തിലാണ്.

## അമ്പരപ്പിക്കുന്ന കണക്കുകൾ

ലോകത്ത് ഏറ്റവുമധികം മദ്യാസക്തരുള്ള പ്രദേശവും ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യപരുള്ള സംസ്ഥാനവുമാണ് കേരളം. അരി വാങ്ങാൻ ചെലവഴിക്കുന്നതിലേറെ പണം മദ്യത്തിനുവേണ്ടി ചെലവഴിക്കുന്നു മലയാളികൾ! ഒരു വർഷം അരിക്കുവേണ്ടി 2,880 കോടി രൂപ വിനിയോഗിക്കുന്ന കേരളീയർ പക്ഷേ, ഒരു വർഷം മദ്യത്തിനു വേണ്ടി തുലക്കുന്നത് 12,000 കോടി രൂപയാണ്. നേരത്തെ പഞ്ചാബായിരുന്നു മുമ്പിൽ. ഇപ്പോൾ കേരളം അവരെ തോൽപിച്ച് നമ്പർ വൺ ആയിരിക്കുന്നു. ഇവിടെ 60 ശതമാനം പുരുഷന്മാർ മദ്യപാനത്തിൽ താൽപര്യമുള്ളവരും 40 ശതമാനം പേർ മദ്യത്തിന്റെ അടിമകളുമാണ്.

എക്സൈസ് വകുപ്പിന്റെ കണക്കുപ്രകാരം ഒരുവർഷം 10 കോടിയോളം ലിറ്റർ വിദേശ മദ്യവും 30 കോടിയോളം ലിറ്റർ കള്ളും കേരളത്തിൽ വിറ്റഴിയുന്നു. അനധികൃതമദ്യം ഏതാണ്ട് ഇതേ അളവിൽ തന്നെ വേറെയും വിൽക്കപ്പെടുന്നുണ്ട്! ബീവറേജസ് കോർപറേഷന്റെ കണക്കുപ്രകാരം കഴിഞ്ഞവർഷത്തെ വിൽപന 3000 കോടിയോളം വരും. 12000-ൽ ശേഷിക്കുന്ന 9000 കോടി മദ്യമാഫിയക്കാരുടെ കൈകളിലേക്കാണ് പോയത്. കോർപറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന് 40 ശതമാനം വരെ ലാഭം എടുക്കാം. എന്നാൽ 100 ശതമാനം വരെ ലാഭം

## മദ്യപാനത്തിൽ നിന്ന് മോചനമായി
# ഐ.ആർ.ഡബ്ലിയു ക്യാമ്പുകൾ

**‘മദ്യപിച്ചു** ലക്കുകെട്ട ജീവിത്തിൽ നിന്ന് ഞങ്ങളെ രക്ഷിച്ചതിന് നന്ദിയുണ്ട്. അല്ലാഹു അനുഗ്രഹിക്കും... കെട്ടിപ്പിടിച്ച് കണ്ണീരോടെ വിടപറയുന്നതിന്റെ വൈകാരിക മുഹൂർത്തങ്ങൾ. പറയാൻ വാക്കുകളില്ലാതെ സന്തോഷകണ്ണീരുകൊണ്ട് കൈകൾ കൂപ്പി നന്ദിപറയുന്ന സ്ത്രീകളും കുട്ടികളും. ജീവിതത്തിന്റെ സംതൃപ്ത വഴികളിലേക്ക് കുടുംബവുമായി തിരിച്ചുപോകുന്ന അഹ്ലാദകരമായ കാഴ്ചകൾ. മദ്യത്തിന് അടിപ്പെട്ട് ജീവിതവും കുടുംബവും തകർന്ന മനുഷ്യർക്ക് നല്ല ജീവിതത്തിന്റെ പ്രത്യാശകൾ നൽകികൊണ്ട് സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ ഐ.ആർ.ഡബ്ലിയു സംഘടിപ്പിച്ച ഡി-അഡിക്ഷൻ ക്യാമ്പുകൾ പ്രസ്ഥാന പ്രവർത്തകർക്കും നേതാക്കൾക്കും നൽകിയത് ആത്മ സംതൃപ്തിയുടെ അനുഭവങ്ങൾ. അതിലൂടെ നൂറോളം കുടുംബങ്ങൾക്ക് സമാധാനത്തിന്റെ വഴിയും തുറന്നു.

മദ്യപാനം ജീവിതത്തെയും കുടുംബത്തെയും തകർത്തെറിയുന്നതെങ്ങനെയെന്നതിന്റെ നേർസാക്ഷികളായിരുന്നു ക്യാമ്പിൽ പങ്കെടുത്തവരും അവരുടെ കുടുംബങ്ങളും. എല്ലാവരാലും അവഗണിക്കപ്പെട്ട്, ദാരിദ്രം വിലകൊടുത്തു വാങ്ങി, സ്നേഹിച്ചവർക്കല്ലാം ദുഃഖങ്ങൾ മാത്രം നൽകി, രക്ഷപ്പെടണമെന്ന് ആശിച്ചിട്ടും സാധിക്കാതെ നരകം ഭൂമിയിൽ തന്നെ സൃഷ്ടിച്ച ഒരുകൂട്ടം ആളുകൾ. അവർക്കാണ് ഐ.ആർ.ഡബ്ലിയു ക്യാമ്പുകളിലുടെ ജീവിതം തിരിച്ചുകിട്ടിയത്.

ആലുവ അൽ അസ്ഹർ, എറണാകുളം കലൂരിലെ ദഅ്വാ സെന്റർ, തൃശൂർ മാളയിലെ ഐ.എസ്.ടി, കോഴിക്കോട് ശിവപുരം എന്നിവടങ്ങളിലായിരുന്നു ക്യാമ്പുകൾ ഒരുക്കിയത്. കഥകൾ പറഞ്ഞും ചെയ്തുപോയ തെറ്റുകൾ ഏറ്റുപറഞ്ഞും പ്രാർഥിച്ചും കളിച്ചും സഹവസിച്ചും കുടുംബസംഗമങ്ങൾ നടത്തിയും ജീവിതത്തെ കുറിച്ച ശരിയായ ഉൾകാഴ്ചകൾ കൈമാറിയും അവർ ഒരു മാസത്തോളം ക്യാമ്പുകളിൽ കഴിഞ്ഞു. മതാതീതമായ സൗഹൃദത്തിന്റെയും സഹവാസത്തിന്റെയും ഇടം കൂടിയായിരുന്നു ക്യാമ്പുകൾ.

ഡോ. അബൂബക്കറിന്റെ നേതൃത്വത്തിൽ എം.എസ്.ഡബ്ലിയു വിദ്യാർഥിനികളായ ആയിശ, രശ്മി, ജസീന, സിബി എന്നിവരുടെയും ഐ.ആർ.ഡബ്ലിയു പ്രവർത്തകരുടെയും നിസ്വാർഥമായ പ്രവർത്തനങ്ങളാണ് ക്യാമ്പുകൾ ഹൃദ്യവും വിജയകരവുമാക്കിയത്. മാനസികവും ആത്മീയവുമായ പരിപോഷണത്തിന് ഉതകുന്ന ക്ലാസുകൾ, ജീവിതത്തിന് പ്രത്യാശ നൽകുന്ന ഇടപഴക്കങ്ങളും പരിപാടികളും, സമൂഹ തിന്മക്കെതിരെയുള്ള സ്കോഡുകൾ, മദ്യം-മയക്കുമരുന്ന് ഉപയോഗം കൊണ്ട് അത്യാസന്ന നിലയിലായ രോഗികളെ സന്ദർശിക്കൽ, കലാ- കായിക പരിപാടികൾ തുടങ്ങിയവയായിരുന്നു ക്യാമ്പിൽ പ്രധാനമായും ഒരുക്കിയത്.

ജമാഅത്തെ ഇസ്ലാമി അഖിലേന്ത്യാ അസി. അമീർ സിദ്ദീഖ് ഹസൻ, കേരള അമീർ ടി. ആരിഫലി, ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി, സെക്രട്ടറി ടി.കെ ഹുസൈൻ, ശൂറാ അംഗങ്ങളായ ശൈഖ് മുഹമ്മദ് കാരകുന്ന്, യൂസുഫ് ഉമരി, ശഹീർ മൗലവി, സോളിഡാരിറ്റി പ്രസിഡന്റ് പി. മുജീബുർറഹ്മാൻ, ഐ.ആർ.ഡബ്ലിയു സെക്രട്ടറി പ്രഫ. പി. ഇസ്മാഈൽ, ഖ്വാജാ ശിഹാബ് തുടങ്ങിയവർ വിവിധ സെഷനുകളിൽ അംഗങ്ങളുമായി സംസാരിച്ചു.

ക്യാമ്പുകൾക്കുശേഷവും അതത് പ്രദേശങ്ങളിലെ പ്രവർത്തകർ ക്യാമ്പിൽ പങ്കെടുത്തവരെ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. അവരെ ഇസ്ലാമിക പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കുകയും അവരുടെ വീടുകൾ നിരന്തരം സന്ദർശിക്കുകയും ജീവിത പ്രയാസങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. തൊഴിലില്ലാത്ത ഏഴുപേർക്ക് തൊഴിൽ നൽകാനും മൂന്നു പേർക്ക് കച്ചവടത്തിനായി അമ്പതിനായിരം രൂപ വീതം നൽകാനും അഞ്ചുപേരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. ഏരിയാ തലങ്ങളിലെ കുടുംബ സംഗമങ്ങൾ അവരെയും കുടുംബങ്ങളെയും പൊതുസമൂഹത്തിൽ ചേർത്തു നിർത്താനും വീണ്ടും മദ്യപാനത്തിലേക്ക് തിരിച്ചു പോകാതിരിക്കാനും സഹായിക്കുന്നു. അതുകൊണ്ടുതന്നെ ക്യാമ്പ് അംഗങ്ങളിൽ ബഹുഭൂരിപാക്ഷവും സന്തുഷ്ട ജീവിതം നയിക്കുന്നുവെന്നത് ക്യാമ്പും തുടർപ്രവർത്തനങ്ങളും വിജയകരമെന്ന് തെളിയിക്കുന്നു.

ഏകദേശം മൂന്നുലക്ഷത്തോളം രൂപ ചെലവുവന്ന ക്യാമ്പുകളിലെ മുഴുവൻ ബാധ്യതകളും അഭ്യുദയകാംഷികൾ ഏറ്റെടുത്തുവെന്നത് ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിന് ഐ.ആർ.ഡബ്ലിയുവിന് ആവേശം നൽകുന്നു.

■

കൊയ്യുന്ന ബാറുകളുണ്ട്. 90 ശതമാനം എക്സൈസ് ഡ്യൂട്ടിയും 100 ശതമാനം വിൽപന നികുതിയുമാണ് മദ്യത്തിന് ചുമത്തുന്നത്. ഏറ്റവുമധികം നികുതി വെട്ടിപ്പ് നടക്കുന്ന മേഖലകളിലൊന്നാണ് മദ്യവ്യവസായം.

ഓണം, ക്രിസ്മസ്, പുതുവർഷം എന്നീ ആഘോഷ വേളകളിലാണ് ഏറ്റവുമധികം മദ്യം വിറ്റഴിക്കപ്പെടുന്നത്. ഓണാഘോഷം തന്നെയാണ് ഒന്നാം സ്ഥാനത്ത്. കഴിഞ്ഞ ഓണത്തിനുമാത്രം 250 കോടിയുടെ മദ്യം വിറ്റുവെന്നാണ് ഒരു കണക്ക്. 100 കോടിയുടെ മദ്യം കോർപറേഷൻ വിറ്റാൽ 84 കോടി നികുതിയായി സർക്കാറിന് ലഭിക്കും. 100 രൂപയുള്ള ഒരു ബോട്ടിലിന് 10 രൂപ മാത്രമാണ് ഉൽപാദന ചെലവ്. ഇത്രയും വലിയ ലാഭമാണ് മദ്യം വഴി ഗവൺമെന്റിനും മാഫിയകൾക്കും ലഭിക്കുന്നത്. നികുതിയിനത്തിൽ ഒരു വർഷം 2000–2500 കോടിയാണ് ഗവൺമെന്റിന് കിട്ടുക.

മദ്യ വ്യാപാര രംഗത്ത് സ്വപ്നലാഭം നേടിക്കൊടുക്കുന്നതാണ് ‘സ്പിരിറ്റ്.’ പഞ്ചസാരക്കുവേണ്ടി കരിമ്പ് ആട്ടിയ ശേഷം ലഭിക്കുന്ന ചണ്ടിയാണ് മൊളാസസ്. അതിൽ യീസ്റ്റ് ചേർത്ത് ഡിസ്റ്റിലറിയിൽ വാറ്റിയെടുത്തതാണ് സ്പിരിറ്റ്. ഏറ്റവും നന്നായി വാറ്റിയെടുത്ത സ്പിരിറ്റാണ് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ. ഇന്ത്യൻ നിർമിത വിദേശമദ്യം ഉണ്ടാക്കുന്നത് ഇതുകൊണ്ടാണ്. റെക്ടിഫൈഡ് സ്പിരിറ്റ് അഥവാ ഈഥൈൽ ആൽക്കഹോൾ കൊണ്ടാണ് ചാരായം

ഉണ്ടാക്കുന്നത്. മാരകവിഷമാണ് മീഥൈൽ ആൽക്കഹോൾ. ഇത് വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്നു. മീഥൈൽ ആൽക്കഹോൾ ഉപയോഗിച്ചുണ്ടാക്കുന്നതാണ് 'വിഷമദ്യം.' കോടികൾ വില വരുന്ന ലക്ഷക്കണക്കിന് ലിറ്റർ സ്പിരിറ്റാണ് കേരളത്തിലേക്ക് എത്തുന്നത്. ഇപ്പോൾ ഏറ്റവുമധികം സ്പിരിറ്റ് വരുന്നത് കർണാടകയിൽനിന്നാണ്.

35 ലിറ്ററിന്റെ 365 ടിന്നുകൾ അടങ്ങിയതാണ് ഒരു ലോഡ് സ്പിരിറ്റ് (35X365=12775 ലിറ്റർ) ഒരു ലോഡിന്റെ ശരാശരി വില 3 ലക്ഷം രൂപ. പോലീസുകാർക്കും മറ്റുമുള്ള കൈക്കൂലി ഉൾപ്പെടെ ഒരു ലോഡ് കേരളത്തിലെത്താനുള്ള ചെലവ് 7 ലക്ഷം, മൊത്തം 10 ലക്ഷം. ഒരു ലിറ്റർ സ്പിരിറ്റിൽനിന്ന് 3 ലിറ്റർ ചാരായം എന്ന തോതിൽ ഒരു ലോഡിൽനിന്ന് 38,325 ലിറ്റർ ചാരായം. ഒരു ലിറ്റർ ചാരായത്തിന്റെ വില 200 രൂപ. 38,325X200=76.65000 ലക്ഷം. 10 ലക്ഷം ചെലവ് കഴിച്ചാൽ ലാഭം 66 ലക്ഷം!

### ഭീകരമായ ദുരന്തങ്ങൾ

'മദ്യം തിന്മകളുടെ ഉറവിടം' എന്നു വിശേഷിപ്പിച്ച നബി(സ) അതിന്റെ ഭീകരത വെളിവാക്കുന്ന ഒരു സംഭവവും വിവരിച്ചു. സാത്വികനായ ഒരാൾ തടവിലാക്കപ്പെട്ടു. മൂന്നു തിന്മകളിലൊന്ന് തെരഞ്ഞെടുക്കാൻ അയാൾ നിർബന്ധിതനായി: മദ്യപാനം, വ്യഭിചാരം, കൊലപാതകം. വ്യഭിചാരവും കൊലപാതകവും മറ്റു രണ്ടു പേരെ ബാധിക്കുന്ന മഹാപാപമായതിനാൽ തന്നിൽ മാത്രം പരിമിതമായ തിന്മയെന്ന നിലക്ക് -നിർബന്ധിതാവസ്ഥയിൽ ചെറിയ തിന്മ തെരഞ്ഞെടുക്കുകയെന്ന ന്യായമനുസരിച്ച്- അയാൾ മദ്യപിക്കാൻ തീരുമാനിച്ചു. മദ്യപിച്ചതോടെ സ്വബോധം നഷ്ടപ്പെട്ട അയാൾ കൊലപാതകവും വ്യഭിചാരവും നടത്തി.

മദ്യം വരുത്തിവെക്കുന്ന ദുരന്തങ്ങൾ എത്രമാത്രം വലുതാണെന്ന് തെളിയിക്കുന്നുണ്ട് ഈ വിവരണം. വർത്തമാനകാല കേരളത്തിന്റെ അവസ്ഥയും ഭിന്നമല്ല. 1996 ഏപ്രിൽ ഒന്നു മുതൽ ചാരായ നിരോധം നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ ഗവൺമെന്റ് പുറത്തിറക്കിയ ലഘുലേഖയിലെ വരികൾ മദ്യത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച ഗവൺമെന്റിന്റെ തന്നെ സത്യവാങ്മൂലമാണ്: 'മദ്യം ഉണ്ടാക്കരുത്, മദ്യം കുടിക്കരുത്, മദ്യം വിൽക്കരുത്' എന്ന ശ്രീനാരായണ ഗുരുവിന്റെ ഉപദേശം നടപ്പിലാക്കുന്നതിനുള്ള അർഥവത്തും കാലിക പ്രസക്തവമായ തീരുമാനമാണിത്. പതിനെട്ടു തികയാത്തവർ പോലും മദ്യപാനം ശീലമാക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. വ്യക്തിജീവിതത്തെയും കുടുംബബന്ധങ്ങളെയും സാമൂഹിക മര്യാദകളെയും താറുമാറാക്കുകയും അധോഗതിയിലെത്തിക്കുകയും ചെയ്യുന്ന ഒരു തലത്തിലേക്ക് മദ്യപാന ശീലം വളർന്നിരിക്കുകയാണ്. ഇതിനൊരു വിരാമമിടുന്നില്ലെങ്കിൽ എല്ലാ തലങ്ങളിലും തകർച്ചയായിരിക്കും ഫലം. ഈ തകർച്ചയിൽനിന്നും വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും മോചിപ്പിക്കുന്നതിനുള്ള ആദ്യപടി എന്ന നിലയിലാണ് സംസ്ഥാന സർക്കാർ 1996 ഏപ്രിൽ ഒന്നു മുതൽ സംസ്ഥാനത്ത് ചാരായം നിറുത്തലാക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്."

എത്ര സുന്ദരമായാണ് മദ്യക്കെടുതികളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്! നമ്മുടെ സാംസ്കാരിക-സാമൂഹിക-സാമ്പത്തിക-കുടുംബ ജീവിത മേഖലകളിലെല്ലാം വർധിച്ചുവരുന്ന തിന്മകളുടെ വേരുകൾ ചെന്നു ചേരുന്നത് പെരുകുന്ന മദ്യപാനത്തിലാണ്. കുടുംബ ശൈഥില്യം, ദാരിദ്ര്യം, ബിസിനസ് തകർച്ച, മാനസിക രോഗങ്ങൾ, ആത്മഹത്യ, മാരകമായ ശാരീരിക രോഗങ്ങൾ, സ്ത്രീ പീഡനം, കൊലപാതകം, സംഘട്ടനങ്ങൾ, റോഡപകടങ്ങൾ, അംഗവൈകല്യം, അഴിമതി, കള്ളക്കടത്ത്, മാഫിയാവൽക്കരണം, വിഷാദ രോഗങ്ങൾ, കുട്ടികളിലുണ്ടാകുന്ന ശാരീരികവും മാനസികവും സ്വഭാവ പരവുമായ വൈകല്യങ്ങൾ, പഠനത്തിൽ താൽപര്യമില്ലായ്മ.... മദ്യം സൃഷ്ടിക്കുന്ന ജീർണതകളുടെയും ദുരന്തങ്ങളുടെയും പട്ടികക്ക് ഏറെ നീളമുണ്ട്. കേരളത്തിൽ റോഡപകടങ്ങളും ക്രിമിനലിസവും സ്ത്രീപീഡനവും നാൾക്കുനാൾ വർധിച്ചുവരുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. സ്വൈര ജീവിതം അസാധ്യമാകുംവിധം നമ്മുടെ സാമൂഹികാന്തരീക്ഷം മാറിയിരിക്കുന്നു. കേരളം ഇത്രയേറെ മലീമസമാകാൻ കാരണം മദ്യത്തിന്റെ വ്യാപകത്വം തന്നെയാണ്.

മദ്യത്തിന്റെ വർധിച്ച ലഭ്യതയാണ് മദ്യാസക്തി പെരുകാൻ കാരണം. കോടികളുടെ വരുമാനം ലഭിക്കുന്നതുകൊണ്ട് 'കള്ള് കുടിപ്പിച്ച് വരുമാനം വർധിപ്പിക്കുക' എന്നാണ് ഇപ്പോൾ ഗവൺമെന്റ് നയം. പുതിയ കള്ളുഷാപ്പുകൾ തുറന്നും അടച്ചിട്ടവ പുനരാരംഭിച്ചും ഉൽപാദനം വർധിപ്പിച്ചും നിയമങ്ങൾ കൂടുതൽ സുതാര്യമാക്കിയും സർക്കാർ മദ്യപാനം പ്രോത്സാഹിപ്പിക്കുന്നു. നിയമപാലകരെ നിർജീവരാക്കിയും രാഷ്ട്രീയ-ഉദ്യോഗസ്ഥ -മദ്യ മാഫിയ അധോലോകം തീർത്തും 'വ്യാജ മദ്യം' യഥേഷ്ടം ഒഴുക്കാൻ അവസരം ഒരുക്കുന്നു. നിയമങ്ങൾ കാറ്റിൽ പറത്തി അരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപം വരെ മദ്യഷാപ്പുകൾ തുറന്നു. മദ്യമാഫിയക്ക് എല്ലാ ഒത്താശയും ചെയ്തു കൊടുക്കുന്നത് രാഷ്ട്രീയക്കാരും പിന്നെ നിയമപാലകരുമാണ്.

മദ്യനിരോധത്തെക്കുറിച്ചു പറയുമ്പോൾ തൊഴിലാളികളുടെയും റവന്യൂ വരുമാനത്തിന്റെയും പ്രശ്നമാണ് ഗവൺമെന്റ് ഉയർത്തിക്കാണിക്കാറുള്ളത്. ഇക്കാര്യത്തിൽ ഇടതുപക്ഷമാണ് മുമ്പിൽ. ജനങ്ങളെ 'വിഷം' കഴിപ്പിക്കുന്ന ഈ വ്യവസായം നർത്തലാക്കി തൊഴിലാളികളെ പുനരധിവസിപ്പിക്കുകയാണ് വേണ്ടത്. ഗവൺമെന്റ് മാത്രമല്ല, സന്നദ്ധ സംഘടനകളും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. യഥാർഥത്തിൽ രാഷ്ട്രീയക്കാരുടെയും മദ്യമുതലാളിമാരുടെയും സാമ്പത്തിക താൽപര്യങ്ങൾക്ക് തൊഴിലാളികളെ മറയാക്കുകയാണ് ചെയ്യുന്നത്. ഇനി റവന്യൂ വരുമാനത്തിന്റെ വിഷയമെടുക്കാം. സ്വന്തം ജനതയെ വിഷംകൊടുത്ത് ഇഞ്ചിഞ്ചായി കൊന്നുകൊണ്ട് വേണോ ഒരു ഗവൺമെന്റിന് വരുമാനം ഉണ്ടാക്കാൻ. മദ്യത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ എത്രയോ ഇരട്ടി പണം അതിന്റെ ബഹുമുഖ ദുരന്തങ്ങളിലൂടെ ചെലവാകുന്നുണ്ട്. മാത്രമല്ല, ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ആരോഗ്യവും സാംസ്കാരിക ഔന്നത്യവുമുള്ള പൗരന്മാരാണ്.

ശ്രീ നാരായണ ഗുരു 'മദ്യം ചെത്തരുത്, വാറ്റരുത്, കുടിക്കരുത്, കൊടുക്കരുത്' എന്ന് ഉൽബോധിപ്പിച്ചു. അതിന്റെ പ്രധാന അഭിസംബോധിതർ ഈഴവരായിരുന്നു. അവരുടെ കുലത്തൊഴിലായിരുന്നു മദ്യ ഉൽപാദനവും വിൽപനയും. അതുപേക്ഷിക്കാനാണ് ഗുരു പറഞ്ഞത്. റവന്യൂ വരുമാനം പറഞ്ഞ് മദ്യത്തെ ന്യായീകരിക്കുന്നവർ കുലത്തൊഴിൽ ഉപേക്ഷിക്കാൻ പറഞ്ഞ ഗുരുവിന്റെ ധീരത ഓർക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനാകട്ടെ, മദ്യത്തിലും ചൂതാട്ടത്തിലും നന്മയും തിന്മയുമുണ്ടെന്ന് പറയുന്നു. എന്നാൽ 'നന്മയെക്കാൾ കൂടുതൽ തിന്മയാണെന്നും അതുകൊണ്ട് മദ്യം നിഷിദ്ധമാ

●

**പുതിയ കള്ളുഷാപ്പുകൾ തുറന്നും അടച്ചിട്ടവ പുനരാരംഭിച്ചും ഉൽപാദനം വർധിപ്പിച്ചും നിയമങ്ങൾ കൂടുതൽ സുതാര്യമാക്കിയും സർക്കാർ മദ്യപാനം പ്രോത്സാഹിപ്പിക്കുന്നു. നിയമപാലകരെ നിർജീവരാക്കിയും രാഷ്ട്രീയ-ഉദ്യോഗസ്ഥ-മദ്യ മാഫിയ അധോലോകം തീർത്തും 'വ്യാജ മദ്യം' യഥേഷ്ടം ഒഴുക്കാൻ അവസരം ഒരുക്കുന്നു. നിയമങ്ങൾ കാറ്റിൽ പറത്തി അരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപം വരെ മദ്യഷാപ്പുകൾ തുറന്നു. മദ്യമാഫിയക്ക് എല്ലാ ഒത്താശയും ചെയ്തു കൊടുക്കുന്നത് രാഷ്ട്രീയക്കാരും പിന്നെ നിയമപാലകരുമാണ്.**



ണെന്നും' ഖുർആൻ പഠിപ്പിക്കുന്നു. റവന്യൂ വരുമാനം, തൊഴിൽ തുടങ്ങിയ ചെറിയ നേട്ടങ്ങളുടെ എത്രയോ മടങ്ങ് തിന്മകളാണതിലുള്ളത്.

ഗവൺമെന്റിന്റെ മദ്യനയത്തിനു പുറമേ മദ്യത്തിന്റെ വ്യാപകത്വത്തിനു വഴിവെക്കുന്ന വേറെയും ഘടകങ്ങളുണ്ട്. സിനിമയാണ് ഒരു വില്ലൻ. മദ്യപാനരംഗങ്ങൾ യഥേഷ്ടം ചിത്രീകരിക്കുന്ന സിനിമികൾ, സിനിമാ താരങ്ങൾ അഭിനയിക്കുന്ന മദ്യ പരസ്യങ്ങൾ തുടങ്ങിയവ പ്രേക്ഷകരെ പ്രലോഭിപ്പിക്കുന്നു. മോഹൻലാലിന്റെ 'വൈകീട്ടെന്താ പരിപാടി' പരസ്യത്തിലെ ബ്രാന്റ് മദ്യം റെക്കോർഡ് വിൽപനയാണ് നടന്നതത്രെ!

സൗഹൃദങ്ങളാണ് മറ്റൊരു വഴി. കമ്പനി കൂടിയാണ് പലരും മദ്യപാനം തുടങ്ങുന്നത്. ആദ്യമാദ്യം ഒരു രസത്തിന്, പിന്നെ കൃത്യമായ സേവ, പിന്നെ അഡിക്റ്റ്.

യുവാക്കളിൽ മാത്രമല്ല, കൗമാരക്കാരിലും മദ്യപാന ശീലം വളർന്നുകൊണ്ടിരിക്കുന്നു. സമ്പന്ന-മധ്യവർഗ ഗൃഹങ്ങളിൽ പരസ്യമായി മദ്യപാനം നടക്കുന്നു. സ്ത്രീകളുടെ മൗനാനുവാദത്തോടെയും ചിലപ്പോൾ അവരുടെ പ്രോത്സാഹനത്തോടെയും. ഭർത്താവ് അൽപം 'മിനുങ്ങുന്ന'താണത്രെ സ്ത്രീകൾക്കിഷ്ടം. ശരീര പീഡനത്തിലേക്കെത്തുകയും കുടുംബത്തിൽ പ്രശ്നങ്ങളുണ്ടാവുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ ഭർത്താക്കന്മാരുടെ മദ്യപാനത്തെ എതിർക്കുന്നത്. ഇതോട് ചേർത്തു വായിക്കാവുന്ന ഒരു സംഭവം: ഗൾഫിൽനിന്നു വന്ന ഭർത്താവിനോട് ഭാര്യ ചോദിച്ചു, നിങ്ങൾക്കെന്താ കുറച്ച് മദ്യപിച്ചാൽ? ചോദ്യംകേട്ട് അമ്പരന്ന ഭർത്താവിന് വൈകാതെ അവളെ വിവാഹമോചനം ചെയ്യേണ്ടിവന്നു. കാരണം, നാട്ടിലുള്ള അയാളുടെ സഹോദരൻ മദ്യപിക്കുന്നവനായിരുന്നു. അവളുടെ ചോദ്യത്തിൽ പല അർഥങ്ങളും ഉണ്ടായിരുന്നു താനും. ഇതൊരു മുസ്‌ലിം കുടുംബത്തിൽ നടന്ന സംഭവമാണ്!

വിവാഹ വേളകളിലെ 'കുപ്പിപൊട്ടിക്കലും കൂടലും' സർവസാധാരണമാണിന്ന്. വിവാഹത്തലേന്നു രാത്രി പത്തുമണിയോടെ ചെറുപ്പക്കാർക്ക് സ്ഥലം ഒഴിഞ്ഞുകൊടുക്കുന്നു കാരണവന്മാർ! വീട്ടുകാരുടെ മൗനാനുവാദത്തോടെയാണിതെല്ലാം നടക്കുക. വധൂഗൃഹത്തിലേക്ക് വരനെ അനുഗമിക്കുന്നവരും മദ്യപിക്കാറുണ്ട്. അങ്ങനെ വധൂഗൃഹത്തിലെത്തി ബഹളം വെക്കുകയോ അടികൂടുകയോ ചെയ്തത് വിവാഹം മുടങ്ങിയതും വധു വിവാഹം വേണ്ടെന്നു പറഞ്ഞതുമൊക്കെയായ സംഭവങ്ങൾ സമീപ കാലത്ത് വാർത്താ പ്രാധാന്യം നേടുകയുണ്ടായി. ഇനി അതൊന്നും ഒരു വാർത്തയേ അല്ലാതാകും.

ഒഴിവു ദിനങ്ങൾ, വിനോദയാത്രകൾ, യാത്രയയപ്പു വേളകൾ, സ്റ്റേജ് ഷോകൾ, ടാക്സി ഡ്രൈവർമാരുടെയും മൺതൊഴിലാളികളുടെയും മറ്റും കമ്പനികൾ തുടങ്ങിയവയെല്ലാം മദ്യപാനത്തിന്റെ തുറന്ന അവസങ്ങളാണ്. രാത്രി ഇരുട്ടിയാൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമല്ല പുരുഷന്മാർക്കുതന്നെയും റോഡിലിറങ്ങി നടക്കാൻ കഴിയാത്തത്ര ദുഷിച്ചിരിക്കുന്നു നാട്ടിൻ പുറങ്ങൾ പോലും.

### നിലപാടുകളിലെ വൈരുധ്യം

ഘട്ടം ഘട്ടമായി സമ്പൂർണ മദ്യനിരോധം നടപ്പിലാക്കാതെ മദ്യത്തിന്റെ ദുരന്തത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാനാവില്ല. പക്ഷേ, ഗവൺമെന്റിന്റെയും രാഷ്ട്രീയക്കാരുടെയും നിലപാടുകളിൽ കടുത്ത വൈരുധ്യമുണ്ട്.

ബോധവൽക്കരണത്തിലൂടെ മാത്രമേ മദ്യത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാനാവൂ എന്ന ഗവൺമെന്റും രാഷ്ട്രീയക്കാരും പറയുന്നു. ശക്തമായ ബോധവൽക്കരണം ഒരു പ്രധാന വഴിയാണ്. എന്നാൽ അതിലൂടെ മാത്രം മദ്യവർജനം സാധ്യമല്ല. മദ്യത്തിന്റെ ലഭ്യത കുറയുകയും ഘട്ടം ഘട്ടമായി മദ്യനിരോധം നടപ്പിലാക്കുകയും ചെയ്യണം. മദ്യത്തിനെതിരായ ബോധവൽക്കരണവും ഘട്ടം ഘട്ടമായുള്ള മദ്യ നിരോധവും പരസ്പരപൂരകമായി വർത്തിക്കണം. എന്നാൽ ബോധവൽക്കരണത്തെക്കുറിച്ച് പറയുന്ന ഗവൺമെന്റ് മദ്യത്തിന്റെ ഉൽപാദനം വർധിപ്പിച്ചും മദ്യഷാപ്പുകൾ പുതുതായി തുറന്നും ബോധവൽക്കരണത്തെ അട്ടിമറിക്കുന്നു. ഡി-അഡിക്ഷൻ സെന്ററുകളെക്കാൾ മദ്യഷാപ്പുകൾ തുറന്നിരിക്കുന്ന അവസ്ഥയിൽ എങ്ങനെയാണ് മദ്യത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാവുക? മദ്യത്തിൽനിന്ന് രക്ഷപ്പെടാനാഗ്രഹിക്കുന്നവരെ പോലും മദ്യപാനത്തിൽ തന്നെ തളച്ചിടുംവിധം മദ്യത്തിന്റെ ലഭ്യത വർധിപ്പിക്കുകയാണ് ഗവൺമെന്റ്. മദ്യനിരോധം നമ്മുടെ ഭരണഘടനയിൽ പ്രാധാന്യപൂർവം എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും അവയെക്കാൾ പ്രധാന്യം കുറഞ്ഞ ഏക സിവിൽകോഡും ഗോവധ നിരോധവുമൊക്കെയാണ് പലപ്പോഴും ഗവൺമെന്റിന്റെയും കോടതികളുടെയും ശ്രദ്ധയിൽ വരാറുള്ളത്. തൊഴിലാളികളുടെയും സ്ത്രീകളുടെയും വിമോചനത്തിനു വേണ്ടി പൊരുതുന്ന സംഘടനകൾ -വിശേഷിച്ചും ഇടതു സംഘടനകൾ-

ഇരുവിഭാഗത്തെയും തകർക്കുന്ന മദ്യപാനശീലത്തെ പ്രോത്സാഹിപ്പക്കുകയാണ്. സ്ത്രീ പീഡനത്തിന്റെ ഒരു പ്രധാന കാരണം മദ്യമാണ്. അതുകൊണ്ട് മദ്യത്തിനെതിരെ കാര്യമായ പ്രതികരണം വനിതകളിൽനിന്നാണുണ്ടാകുന്നത്. ആന്ധ്രയിൽ നടന്ന പെൺ സമരങ്ങൾ ഉദാഹരണം. കേരളത്തിലെ ഇടതുപക്ഷ സ്ത്രീ സംഘടനകൾ പക്ഷേ, മദ്യത്തിനെതിരെ സ്വീകരിക്കുന്ന നയം എന്താണ്? ഇവിടെ പ്രതികരിക്കുന്ന സ്ത്രീകൾക്കിടയിൽ ഇടതുപക്ഷത്തിനുള്ള സ്വാധീനമാണ് സ്ത്രീകൾക്കിടയിൽനിന്ന് മദ്യത്തിനെതിരെ ശക്തമായൊരു സംഘടിത പ്രക്ഷോഭം ഉയർന്നു വരാതിരിക്കാൻ കാരണം.

'നമ്മുടേതു പോലുള്ള സമൂഹത്തിൽ ഈ ആധുനികത കൊളോണിയൽ ആധുനികതയുടേതായിരുന്നു എന്നു കാണാം. കൊളോണിയലിസം സൃഷ്ടിച്ച നിരവധി സാംസ്കാരിക കെടുതികളിൽ ഒന്നായി മലയാളിയുടെ വർധിക്കുന്ന മദ്യപാനാസക്തിയെ കാണേണ്ടിയിരിക്കുന്നു' വെന്ന് ഇടതുപക്ഷ ബുദ്ധിജീവികൾ ലേഖനമെഴുതുകയും പാർട്ടി വാരിക മദ്യക്കെടുതികളെപ്പറ്റി കവർസ്റ്റോറി പ്രസിദ്ധീകരിക്കുകയും (*ദേശാഭിമാനി* വാരിക 2006 നവംബർ 19) ചെയ്യുമ്പോഴും മറുഭാഗത്ത് ഇടതുപക്ഷ ഗവൺമെന്റിന്റെ മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്നതായിത്തീരുന്നത് ഈ വൈരുധ്യാധിഷ്ഠിത നിലപാടിന്റെ ഒരു നല്ല അനുഭവസാക്ഷ്യമാണ്.

## എന്താണ് പ്രതിവിധി

1931-ൽ 'യങ് ഇന്ത്യ'യിൽ ഗാന്ധിജി എഴുതി: 'മുഴുവൻ ഇന്ത്യയുടെയും ഭരണാധികാരിയായി ഒരൊറ്റ മണിക്കൂർ നേരത്തേക്ക് നിയമിതനാവുകയാണെങ്കിൽ ഞാൻ ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി മദ്യത്തിന്റെ സമ്പൂർണ നിരോധമായിരിക്കും. ഇതുമൂലം സംഭവിക്കുന്ന റവന്യൂ നഷ്ടം നികത്താനായി സൈനിക ചെലവ് വെട്ടിക്കുറക്കുകയായിരിക്കും ഞാൻ ചെയ്യുക.'

ദൈവത്തിന്റെ സ്വന്തം നാടായ കേരളം മദ്യത്തിന്റെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുമ്പോൾ ഗാന്ധിജി പറഞ്ഞതു തന്നെയാണ് അതിനുള്ള അടിസ്ഥാന പരിഹാരം. പക്ഷേ, അത് എളുപ്പമല്ല.

ഏതാനും മദ്യവിരുദ്ധ പ്രവർത്തകരെ മാറ്റി നിർത്തിയാൽ സാംസ്കാരിക നായകരോ മതസംഘടനകളോ മദ്യവിരുദ്ധ പ്രചാരണ രംഗത്ത് സജീവമല്ല. മതവിഭാഗങ്ങളിൽ ക്രൈസ്തവ പുരോഹിതന്മാരാണ് മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി ഭാഗഭാക്കാകുന്നത്. മദ്യം നിയമം മൂലം നിരോധിച്ചത് ഇസ്‌ലാമും ബുദ്ധമതവും മാത്രമാണ്. എന്നാൽ ഇസ്‌ലാമികാദർശത്തിൽ നിലകൊള്ളുന്ന മുസ്‌ലിം സംഘടനകൾ ഈ വിപത്തിനെതിരെ കാര്യമായൊന്നും ചെയ്യുന്നില്ല.

മുസ്‌ലിം സംഘടനകൾ സമ്മേളന മാമാങ്കങ്ങൾക്കും അർഥമില്ലാത്ത വാദപ്രതിവാദങ്ങൾക്കും അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പ്രചാരണത്തിനുമൊക്കെ നീക്കിവെക്കുന്ന സമയവും സമ്പത്തും അധ്വാനവും മദ്യത്തിനും മയക്കുമരുന്നുകൾക്കും എതിരായ പ്രവർത്തനങ്ങൾക്ക് നീക്കിവെക്കുകയാണെങ്കിൽ സമൂഹത്തെ ലഹരിയുടെ പിടുത്തത്തിൽനിന്ന് വലിയൊരളവോളം രക്ഷിക്കാനാകും. മതനേതാക്കളുടെ മക്കളും ചില മതസംഘടനകളുടെ മുകളിൽ നിൽക്കുന്ന സാമുദായിക രാഷ്ട്രീയക്കാരുടെ അനുയായികളുമാണ് പലപ്പോഴും മുസ്‌ലിം സമൂഹത്തിൽ ഇത്തരം ജീർണതകൾക്കടിപ്പെട്ടിട്ടുണ്ടാവുക. അവരോട് കാര്യം പറയാൻ മതനേതാക്കൾക്ക് ഭയമാണ്. യുവാക്കളുൾപ്പെടെയുള്ളവരെ അഭിസംബോധന ചെയ്യാവുന്ന വേദികൾ കുറവായതാണ് മറ്റൊരു പ്രശ്നം. മതവിദ്യാഭ്യാസം മദ്റസാ പഠനത്തിലൊതുങ്ങുന്ന കുട്ടികൾക്ക് 12 വയസ്സിനപ്പുറം ഇസ്‌ലാമികമായ അറിവും ബോധവും ലഭിക്കുന്നില്ല. കുട്ടികൾക്ക് വിവേചന ബുദ്ധിയെത്തുന്ന, അവർ തെരഞ്ഞെടുപ്പ് തുടങ്ങുന്ന പ്രായം 13-18 ആണ്. ഈ പ്രായത്തിൽ അവർക്ക് ധാർമിക ശിക്ഷണം നൽകണം.

സാമൂഹിക സാസ്കാരിക ഇടപെടലുകൾക്ക് മതസംഘടനകളുടെ അജണ്ടകളിൽ പ്രധാന സ്ഥാനം ഉണ്ടാവണം. സംഘടനാ മാത്സര്യം അതിന് തടസ്സമായിക്കൂടാ. മതസംഘടനകൾ യോജിച്ചും മഹല്ല് തലത്തിൽ വിവിധ പള്ളിക്കമ്മിറ്റികൾ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചും 'ലഹരി വിമുക്ത കേരളം' കാമ്പയിനുകൾ സംഘടിപ്പിക്കാവുന്നതാണ്.. മുസ്‌ലിം ചെറുപ്പക്കാർക്കിടയിൽ വർധിച്ചു വരുന്ന മദ്യപാനം തടയാൻ മതസംഘടനകൾക്കും മഹല്ല് നേതൃത്വങ്ങൾക്കുമാണ് കഴിയുക.

ഓരോ പ്രദേശത്തും ശക്തമായ മദ്യവിരുദ്ധ കൂട്ടായ്മ രൂപപ്പെടേണ്ടതുണ്ട്. ഒരു പ്രദേശത്ത് മദ്യഷാപ്പ് വേണോ വേണ്ടേ എന്നു തീരുമാനിക്കാൻ ജനങ്ങൾക്ക് അധികാരം നൽകുന്ന വിധം പഞ്ചായത്തീരാജ് നിയമം മാറ്റി എഴുതണം. ഉൽപാദനവും വിതരണവും കുറക്കാൻ ഗവൺമെന്റിൽ സമ്മർദം ചെലുത്തണം. സിനിമയിലും മറ്റും മദ്യപാന രംഗങ്ങൾ കാണിക്കുന്നതും മദ്യപരസ്യങ്ങളും പൂർണമായും നിരോധിക്കണം. മദ്യത്തിന്റെ ദുരന്തങ്ങൾ ചിത്രീകരിക്കുന്ന ചാർട്ടുകൾ നാട്ടിലെങ്ങും പ്രദർശിപ്പിക്കണം. ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും നിശ്ചിത ദൂരപരിധി പാലിക്കാത്ത ഷാപ്പുകൾ അടച്ചു പൂട്ടണം. ഡി-അഡിക്ഷൻ ക്യാമ്പുകളും സെന്ററുകളും തുടങ്ങണം. സ്ത്രീകൾ കൂടി രംഗത്തിറങ്ങിയാൽ, ഗവൺമെന്റിന്റെ പുതിയ മദ്യനയം വരാനിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരം പ്രക്ഷോഭങ്ങൾ ഫലം കാണാതിരിക്കില്ല. ■